പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3573

12.12.2014-ൽ മറുപടിക്ക്

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) നടപ്പ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് അനുവദിച്ച നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും കണക്കുകൾ വ്യക്തമാക്കാമോ ;<br><br>ബി) പ്ലാൻ ഫണ്ട് ചെലവ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞതായ റിപ്പോർട്ടുകൾ ശരിയാണോ ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ;<br><br>സി) യഥാസമയം പ്ലാൻ ഫണ്ട് അനുവദിക്കാത്തത് മൂലം പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രയാസം നേരിടുന്നുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ ? | എ), ബി) & സി)<br>നടപ്പ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് അനുവദിച്ച നൽകിയ തുക 2365,55,59,900 രൂപയാണ്. 03.12.2014-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പദ്ധതി നിർവഹണ പുരോഗതി അവലോകനം ചെയ്യുമ്പോൾ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1512.41 കോടി രൂപയെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിൽ ഗ്രാമ പഞ്ചായത്തുകൾ 878.92 കോടി രൂപ ചെലവഴിച്ചു. 24.37 ശതമാനം. മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ആയിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73 ശതമാനം, മുൻ വർഷം 38 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44 ശതമാനം) ചെലവഴിച്ചതായും മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5 ശതമാനം, മുൻ വർഷം (24.1 ശതമാനം), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18 ശതമാനം, മുൻ വർഷം 17 ശതമാനം) ചെലവഴിച്ചതായും കണ്ടു. ഇത് ഗണ്യമായ കുറവ് കാണിക്കുന്നില്ല.<br>യഥാസമയങ്ങളിൽ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ